കൊയിലാണ്ടിയിൽ വ്യവസായ പാർക്ക്

33 (2089)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്ത് 5 ഏക്കർ സ്ഥലം ഇൻഡസ്ട്രിയൽ പാർക്കിനു വേണ്ടി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ മൂടാടി അംശത്തിൽ റീ.സ: നമ്പർ 43/1/ബി(എ)യിലെ 4 ഏക്കറോളം സ്ഥലം ജില്ലാ കളക്ടർ വില നിർണ്ണയിച്ച് കഴിഞ്ഞാലുടൻ സിഡ്കോയ്ക്ക് കൈമാറാമെന്ന് മൂടാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) ഭൂമി സിഡ്കോയ്ക്ക് കൈമാറിയാലുടനെ പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

വ്യവസായ എസ്റ്റേറ്റുകൾ

34 (2090)ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ യൂണിറ്റുകൾ നടത്തുന്ന ചെറുകിട വ്യവസായികൾക്ക് നൽകുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണ്;

(സി) വ്യവസായ എസ്റ്റേറ്റുകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ പ്രത്യേക സഹായപദ്ധതി ആവിഷ്ക്കരിക്കുമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര വ്യവസായ എസ്റ്റേറ്റുകളാണുള്ളത്;

(ഇ) പ്രസ്തുത എസ്റ്റേറ്റുകളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിപ്പിക്കുന്നവയും പരിപൂർണ്ണമായും പ്രവർത്തനം നിലച്ചതുമായ എത്ര യൂണിറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി വ്യവസായ വകുപ്പും ചെറുകിട വ്യവസായ വികസന കോർപ്പറേഷനും കഴിഞ്ഞ സാമ്പത്തികവർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly